**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 11 തിങ്കൾ**

---

# പെരുമാറ്റച്ചട്ടം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ ജില്ല ഭരണകൂടം

ആലപ്പുഴ: തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർഥികൾക്കും മാർഗദർശനത്തിനുള്ള മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ഇവ കർശനമായി പാലിക്കുന്നുണ്ടെന്നുറപ്പാക്കാൻ ജില്ലയിൽ വിപുലമായ സംവിധാനങ്ങൾക്കു ഇതിനകം രൂപം നൽകി. പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടെന്നുറപ്പാക്കാൻ ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർക്ക് കമ്മിഷൻ നിർദേശം നൽകി.

വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുതോ നിലവിലുള്ള ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പരവിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും ഒരു പാർട്ടിയോ സ്ഥാനാർഥിയോ ഏർപ്പെടരുത്. മറ്റു രാഷ്ട്രീയ പാർട്ടികളെക്കുറിച്ചുള്ള വിമർശനം നടത്തുമ്പോൾ അതവരുടെ നയങ്ങളിലും പരിപാടികളിലും, പൂർവകാല ചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കി നിർത്തണം. മറ്റു പാർട്ടികളുടെ നേതാക്കൻമാരുടെയും പ്രവർത്തകരുടെയും പൊതു പ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പാർട്ടികളും സ്ഥാനാർഥികളും വിമർശനമുന്നയിക്കരുത്. അടിസ്ഥാനരഹിതമായോ വളച്ചൊടിച്ചതോ ആയ ആരോപണം ഉന്നയിച്ചു മറ്റ് പാർട്ടികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുന്നത് ഒഴിവാക്കണമെന്നും പൊതു നിർദേശത്തിൽ പറയുന്നു.

ജാതിയുടെ പേരിലും സമുദായത്തിന്റെ പേരിലും വോട്ടു ചോദിക്കരുത്. മുസ്ലീം പള്ളികൾ, പള്ളികൾ, ക്ഷേത്രങ്ങൾ, മറ്റാരാധന സ്ഥലങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയാക്കരുത്. സമ്മതിദായകർക്ക് കൈക്കൂലി നൽകുക, സമ്മതിദായകരെ ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, പോളിങ് സ്റ്റേഷന്റെ 100 മീറ്ററിനുള്ളിൽ വോട്ടു പിടിക്കുക, പോൾ അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ച സമയത്തിനു തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്ത് പൊതുയോഗങ്ങൾ നടത്തുക, പോളിങ് സ്റ്റേഷനിലേക്കും പോളിങ് സ്റ്റേഷനിൽ നിന്നും സമ്മദിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങി തിരഞ്ഞെടുപ്പ് നിയമപ്രകാരമുള്ള കുറ്റങ്ങളും അഴിമതി പ്രവർത്തനങ്ങളും എല്ലാ പാർട്ടികളും സ്ഥാനാർഥികളും ഒഴിവാക്കേണ്ടതാണ്.

ഒരു വ്യക്തിയുടെ രാഷ്ട്രീയാഭിപ്രായങ്ങളോടും പ്രവർത്തനങ്ങളോടും മറ്റ് രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർഥികൾക്കും എത്ര തന്നെ വെറുപ്പുണ്ടായിരുന്നാലും സമാധാനപരമായും അലട്ടലില്ലാതെയും സ്വകാര്യ ജീവിതം നയിക്കുന്നതിനുള്ള അയാളുടെ അവകാശത്തെ മാനിക്കണം. വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധിക്കാനായി അവരുടെ വീടിനു മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റുചെയ്യുക, തുടങ്ങിയവ ഒരു പരിതഃസ്ഥിതിയിലും അവലംബിക്കരുത്.

ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവയിൽ അയാളുടെ അനുവാദമില്ലാതെ കൊടിമരം നാട്ടുതിനോ, ബാനറുകൾ കെട്ടുന്നതിനോ പരസ്യമൊട്ടിക്കുതിനോ മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കുന്നതിന് രാഷ്ട്രീയകക്ഷികളോ സ്ഥാനാർഥികളോ അവരുടെ അനുയായികളെ അനുവദിക്കരുത്.

മറ്റു പാർട്ടികൾ സംഘടിപ്പിക്കുന്ന യോഗങ്ങളെയോ ജാഥകളെയോ തങ്ങളുടെ അനുയായികൾ തടസപ്പെടുത്തുകയോ അവയിൽ ഛിദ്രമുണ്ടാക്കുകയോ ചെയ്യില്ലെന്ന് രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും ഉറപ്പു വരുത്തണം. ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരോ അനുഭാവികളോ തങ്ങളുടെ പാർട്ടികളുടെ ലഘുലേഖകൾ വിതരണം ചെയ്തോ നേരിട്ടോ രേഖാമൂലമായോ ചോദ്യങ്ങൾ ഉന്നയിച്ചോ മറ്റൊരു രാഷ്ട്രീയപാർട്ടി സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടാക്കാൻ പാടില്ല. ഒരു പാർട്ടിയുടെ യോഗം നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽക്കൂടി മറ്റൊരു പാർട്ടി ജാഥ നടത്തരുത്. ഒരു പാർട്ടി ഒട്ടിച്ചിട്ടുള്ള ചുവർപരസ്യങ്ങൾ മറ്റൊരു പാർട്ടിയുടെ പ്രവർത്തകർ നീക്കം ചെയ്യരുതെന്നും പൊതു പെരുമാറ്റച്ചട്ടത്തിൽ നിഷ്കർഷിക്കുന്നു.

ക്രമസമാധാനം പാലിക്കുന്നതിനും ഗതാഗതം നിയന്ത്രിക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ പൊലീസിന് സാധ്യമാകത്തക്കവിധം നേരത്തെ തന്നെ നിർദിഷ്ടയോഗം നടത്തുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർഥിയോ സ്ഥലത്തെ പൊലീസ് അധികാരികളെ അറിയിച്ചിരിക്കണമെന്ന് യോഗങ്ങൾക്കായുള്ള നിർദേശങ്ങളിൽ പറയുന്നു.

യോഗം നടത്താൻ ഉദ്ദേശ്യമുള്ള സ്ഥലത്ത് ഏതെങ്കിലും നിയന്ത്രണ ഉത്തരവോ നിരോധനാജ്ഞയോ പ്രാബല്യത്തിൽ ഉണ്ടോ എന്ന് പാർട്ടിയോ സ്ഥാനാർഥിയോ വളരെ മുൻകൂട്ടി തന്നെ അറിഞ്ഞിരിക്കണം. അത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവുണ്ടെങ്കിൽ അവ കണിശമായി പാലിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവുകളിൽ നിന്നും ഒഴിവാക്കപ്പെടണമെങ്കിൽ അതിനായി മുൻകൂട്ടി അനുമതി നേടിയിരിക്കണം.

ഏതെങ്കിലും നിർദിഷ്ടയോഗം സംബന്ധിച്ച് ഉച്ചഭാഷിണികളോ മറ്റു ഏതെങ്കിലും സൗകര്യമോ ഉപയോഗിക്കുന്നതിനായി അനുവാദമോ ലൈസൻസോ ലഭിക്കണമെങ്കിൽ പാർട്ടിയോ സ്ഥാനാർഥിയോ കാലേക്കൂട്ടി ബന്ധപ്പെട്ട അധികാരിയോടപേക്ഷിക്കേണ്ടതും അങ്ങനെയുള്ള അനുവാദമോ ലൈസൻസോ നേടേണ്ടതുമാണ്. ഒരു യോഗം അലങ്കോലപ്പെടുത്തുകയോ മറ്റു വിധത്തിൽ ബഹളമുണ്ടാക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന ആളുകളെ കൈകാര്യം ചെയ്യുന്നതിന് ഡ്യൂട്ടിയിലുള്ള പൊലീസിന്റെ സഹായം യോഗം സംഘാടകർ അനുപേക്ഷണീയമായും ആവശ്യപ്പെടേണ്ടതാണെന്നും യോഗങ്ങളുടെ നടത്തിപ്പു സംബന്ധിച്ച നിർദേശങ്ങളിൽ പറയുന്നു.

ജാഥ സംഘടിപ്പിക്കുന്ന ഒരു പാർട്ടിയോ സ്ഥാനാർഥിയോ ജാഥ തുടങ്ങുന്നതിനുള്ള സമയവും സ്ഥലവും, പോകേണ്ടവഴിയും ജാഥ അവസാനിക്കുന്ന സമയവും സ്ഥലവും മുൻകൂട്ടി തീരുമാനിച്ചിരിക്കണമെന്നാണ് ഇതു സംബന്ധിച്ച നിർദേശം. സാധാരണഗതിയിൽ ഈ പരിപാടിയിൽ മാറ്റം വരുത്തരുത്. ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കുന്നതിന് പൊലീസ് അധികാരികൾക്ക് സാധിക്കത്തവണ്ണം പരിപാടിയെപ്പറ്റി പൊലീസ് അധികാരികളെ സംഘാടകർ മുൻകൂട്ടി വിവരം ധരിപ്പിക്കണം. ജാഥ പോകേണ്ട പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിരോധന ഉത്തരവുകൾ പ്രാബല്യത്തിലുണ്ടോയെന്ന് സംഘാടകർ അന്വേഷണം നടത്തേണ്ടതും

അധികൃതർ  ഒഴിവാക്കാത്തപക്ഷം നിരോധനങ്ങൾ പാലിക്കേണ്ടതുമാണ്.

ഗതാഗതത്തിന് വിഘാതമോ തടസമോ ഉണ്ടാക്കാതിരിക്കത്തക്കവണ്ണം ജാഥയുടെ ഗതി നിയന്ത്രിക്കാൻ സംഘാടകർ മുൻകൂട്ടി നടപടി എടുക്കണം. ജാഥ വളരെ നീണ്ടതാണെങ്കിൽ, സൗകര്യപ്രദമായ ഇടവേളകളിൽ പ്രത്യേകിച്ച് ജാഥ റോഡ് ജംഗ്ഷനുകൾ കടന്നുപോകേണ്ട പോയിന്റുകളിൽ തടസപ്പെട്ട ഗതാഗതം ഘട്ടംഘട്ടമായി പോകാൻ അനുവദിക്കാനും ഗതാഗത സ്തംഭനം ഒഴിവാക്കാനും യോജിച്ച ദൈർഘ്യത്തിൽ ഭാഗങ്ങളായി സംഘടിപ്പിക്കേണ്ടതാണ്.

ജാഥകൾ, കഴിയുന്നിടത്തോളം റോഡിന്റെ വലതു വശത്തുവരത്തക്കവണ്ണം ക്രമപ്പെടുത്തേണ്ടതും പൊലീസിന്റെ നിർദേശവും ഉപദേശവും കർശനമായി പാലിക്കേണ്ടതുമാണ്. രണ്ടോ അതിലധികമോ രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർഥികളോ ഏകദേശം ഒരേ സമയത്തു തന്നെ ഒരേ വഴിയിലൂടെയോ അതിന്റെ ഭാഗങ്ങളിലൂടെയോ ജാഥ നടത്തുന്നുണ്ടെങ്കിൽ സംഘാടകർ കാലേക്കൂട്ടി പരസ്പരം ബന്ധപ്പെടേണ്ടതും ജാഥകൾ തമ്മിലുള്ള സംഘട്ടനം ഒഴിവാക്കുന്നതിനും ഗതാഗത തടസം സൃഷ്ടിക്കാതിരിക്കുതിനും നടപടികൾ എടുക്കുന്നതിനെപ്പറ്റി തീരുമാനിക്കേണ്ടതുമാണ്. തൃപ്തികരമായ ഏർപ്പാടുകളിലെത്തിച്ചേരുതിന് പൊലീസിന്റെ സഹായം ഉപയോഗപ്പെടുത്തണം. ഈയാവശ്യത്തിനായി എത്രയും നേരത്തെ തന്നെ പാർട്ടികൾ പൊലീസുമായി ബന്ധപ്പെടണം. പ്രത്യേകിച്ചും, ആവേശഭരിതരാകുന്ന സമയങ്ങളിൽ അനാശാസ്യ വ്യക്തികൾ ദുരുപയോഗപ്പെടുത്തിയേക്കാവുന്ന സാധനങ്ങൾ കൊണ്ടു നടക്കുന്ന ജാഥാംഗങ്ങളുടെ മേൽ രാഷ്ട്രീയകക്ഷികളോ സ്ഥാനാർഥികളോ പരമാവധി നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്.

മറ്റു രാഷ്ട്രീയ പാർട്ടികളിലുള്ള അംഗങ്ങളെയോ അവരുടെ നേതാക്കളെയോ പ്രതിനിധാനം ചെയ്യുതിനായി ഉദ്ദേശിക്കുന്ന കോലങ്ങൾ കൊണ്ടുപോകുന്നതിനും പരസ്യമായി അവ കത്തിക്കുന്നതും അങ്ങനെയുള്ള മറ്റു പ്രകടനങ്ങളും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോ സ്ഥാനാർഥിയോ പ്രോൽസാഹിപ്പിക്കാൻ പാടില്ലെന്നും പെരുമാറ്റച്ചട്ടത്തിൽ പറയുന്നു.

## തിരഞ്ഞെടുപ്പ്: പണമൊഴുക്ക് തടയുന്നതിന് 30 സ്റ്റാറ്റിക് സർവ്വയലൻസ് സംഘത്തെ നിയോഗിച്ചു

**-സ്ക്വാഡുകളുടെ പ്രവർത്തനം തുടങ്ങി**

ആലപ്പുഴ: 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതിർത്തിയിൽ നിന്നും അനധികൃതമായി പണമൊഴുക്ക് തടയുന്നതിനായി 30 സ്റ്റാറ്റിക് സർവ്വയലൻസ് ടീമിനേയും തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കാക്കുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ എല്ലാ മണ്ഡലത്തിലും ഒമ്പത് അസിസ്റ്റൻറ് എക്സ്പെൻറിച്ചർ ഒബ്സർവ്വർ ടീമിനേയും ചുമതലപ്പെടുത്തിയതായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ അറിയിച്ചു. തിരഞ്ഞെടുപ്പ് മാതൃകാപെരുമാറ്റച്ചട്ടം ലംഘിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി മണ്ഡലാടിസ്ഥാനത്തിൽ റോന്ത് ചുറ്റുന്നതിനായി ആറ് വീഡിയോ സർവ്വയലൻസ് ടീമിനേയും അനധികൃമായ പോസ്റ്ററുകളും ബാനറുകളും നീക്കുന്നതിന് ഒമ്പത് ആൻറീ ഡീഫെയ്സ് മെൻറ് ടീമിനേയും നിയമിച്ചിട്ടുണ്ട്. സ്വാഡുകളുടെ പ്രവർത്തനം തിങ്കളാഴ്ച  മുതൽ ആരംഭിച്ചിട്ടുള്ളതുമാണ്. ഇലക്ഷനോടനുബന്ധിച്ച് നിയമിച്ചിട്ടുള്ള നോഡൽ ഓഫീസർമാരുടെ യോഗം കളക്ട്രേറ്റിൽ നടത്തി. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഉദ്യോഗസ്ഥർ ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് വിട്ട്

പോകുന്നതിനും ലീവ് എടുക്കന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിട്ടുള്ളതുമാണെന്ന് ജില്ലാകളക്ടർ അറിയിച്ചു.

## ഹാൾ, ഓഡിറ്റോറിയം ബുക്കിങ് മുൻകൂട്ടി അറിയിക്കണം

ആലപ്പുഴ: ലോക്സഭ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ, മാവേലിക്കര ലോക്സഭ നിയോജക മണ്ഡലങ്ങളിലെ സ്ഥാനാർഥികളോ അവരുടെ ഏജന്റുമാരോ രാഷ്ട്രീയ കക്ഷികളോ ഓഡിറ്റോറിയങ്ങൾ, കമ്മ്യൂണിറ്റിഹാളുകൾ അവരുടെ പരിപാടികൾക്കായി ബുക്ക് ചെയ്യുന്നപക്ഷം പരിപാടിയുടെ തീയതി, സമയം എന്നിവ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശം ഉൾപ്പെടുന്ന നിയമസഭ നിയോജക മണ്ഡലത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എക്സ്പെൻഡിച്ചർ ഒബ്സർവറെ രേഖാമൂലം അറിയിക്കണം (ബ്ളോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന). കൂടാതെ തിരഞ്ഞെടുപ്പ് കാലയളവിൽ ഉള്ള മറ്റ് ബുക്കിങ് വിവരങ്ങളും ഉദ്യോഗസ്ഥനെ അറിയിക്കണം. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ജില്ല തിരഞ്ഞെടുപ്പ് ഓഫീസർക്ക് വേണ്ടി എക്സ്പെൻഡീച്ചർ നോഡൽ ഓഫീസർ അറിയിച്ചു.

# പൊതുതിരഞ്ഞെടുപ്പ്: അച്ചടിശാല നടത്തുന്നവർ സത്യവാങ്മൂലം സൂക്ഷിക്കണം

ആലപ്പുഴ: പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ, മാവേലിക്കര ലോക്സഭ മണ്ഡലങ്ങളിലെ ഏതെങ്കിലും സ്ഥാനാർഥിമാരോ അവരുടെ ഏജന്റുമാരോ സ്ഥാനാർഥികൾക്കായി മറ്റാരെങ്കിലുമോ രാഷ്ട്രീയ പാർട്ടികളോ പോസ്റ്റർ, ബാനർ മറ്റ് പ്രചാരണ സമാഗ്രികൾ എന്നിവ അച്ചടിക്കാൻ സമീപിക്കുന്ന പക്ഷം അച്ചടി ജോലി ഏൽപ്പിക്കുന്നവരിൽ നിന്ന് സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കണം. അച്ചടിക്കുന്ന പ്രചാരണ സാമഗ്രികളിൽ അച്ചടി സ്ഥാപനം, പ്രസിദ്ധീകരിക്കുന്ന ആളിന്റെ പേരും വിലാസവും കോപ്പികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണം. കൂടാതെ രണ്ട് പകർപ്പും സത്യവാങ്മൂലത്തിന്റെ പകർപ്പും അച്ചടിസ്ഥാപനം പ്രവർത്തിക്കുന്ന പ്രദേശത്തെ നിയമസഭ നിയോജക മണ്ഡലത്തിന്റെ ചുമതലയുള്ള ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന അസി. എക്സ്പെൻഡീച്ചർ ഒബ്സർവർക്ക് മൂന്നു ദിവസത്തിനകം കൈമാറണം.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിനായി ഇൻജക്ഷൻ ഫ്രൂസ്മിഡ് 10 എം.ജി/ -15000 എണ്ണം വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ മാർച്ച് 20 നകം സൂപ്രണ്ട്, മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരം ഓഫീസിൽനിന്ന് പ്രവർത്തി സമയങ്ങളിൽ ലഭിക്കും.

## ലാബ് ടെക്നീഷ്യൻ നിയമനം മാറ്റിവച്ചു

ആലപ്പുഴ: ജില്ല ആയുർവേദ ആശുപത്രിയിൽ ഒഴിവുള്ള ലാബ് ടെക്‌നീഷ്യൽ തസ്തികയിൽ ആശുപത്രി മാനേജ്‌മെന്റ് കമ്മറ്റി വഴി ദിവസവേതനാടിസ്ഥാനത്തിൽ ഇന്ന് (മാർച്ച് 12)നടത്താനിരുന്ന വാക്ക്-ഇൻ-ഇന്റർവ്യൂ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ മാറ്റിവച്ചു.

## വാഹനങ്ങളുടെ രജിസ്‌ട്രേഷൻ: താൽക്കാലിക രജിസട്രേഷൻകാർ 16നകം സ്ഥിരം രജിസ്‌ട്രേഷൻ ചെയ്യണം

ആലപ്പുഴ:പുതിയ വാഹനങ്ങളുടെ രജിസ്‌ട്രേഷൻ വാഹൻ സോഫ്റ്റ്‌വെയർ മുഖേന ദേശീയതലത്തിലെ ഏകികൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനാൽ നിലവിലെ ഓൺലൈൻ സംവിധാനം ഉപയോഗിച്ച് താൽക്കാലിക രജിസ്‌ട്രേഷൻ ചെയ്ത എല്ല വാഹനങ്ങളും മാർച്ച് 16നകം സ്ഥിരം രജിസ്‌ട്രേഷൻ ചെയ്യണമെന്ന് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ അറിയിച്ചു.

## ഇതര സംസ്ഥാന കുട്ടികൾക്കുള്ള പൾസ് പോളിയോ പരിപാടി

ആലപ്പുഴ: ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്ന് ഇവിടെ താമസിക്കുന്നതും സന്ദർശനത്തിന് എത്തിയവരും ആയ അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി നടത്തിയ പൾസ് പോളിയോ പരിപാടിയിൽ ജില്ലയുടെ വിവിധ സ്ഥലങ്ങളിലായി 867 കുട്ടികൾക്ക് പോളിയോ തുള്ളി മരുന്ന് നൽകി. പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ (ട്രാൻസിറ്റ് ബൂത്തുകൾ) എന്നിവിടങ്ങളിൽ സജ്ജീകരിച്ച ബൂത്തുകളിലൂടെയും, മൊബൈൽ ബൂത്തുകളിലൂടെയുമാണ് കുട്ടികൾക്ക് മരുന്ന് നൽകിയത്. ട്രാൻസിറ്റ് ബൂത്തുകൾ നാളെയും പ്രവർത്തിക്കും.

## വാഹനങ്ങളുടെ രജിസ്‌ട്രേഷൻ: പരിശീലന പരിപാടി 14ന്

ആലപ്പുഴ:പുതിയ വാഹനങ്ങളുടെ രജിസ്‌ട്രേഷൻ വാഹൻ സോഫ്റ്റ്‌വെയർ മുഖേന ദേശീയതലത്തിലെ ഏകികൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനാൽ ജില്ലയിലെ ഡീലർമാർക്ക് യൂസർ ഐഡി/പാസ് വേഡ് നൽകുന്നതിനും വാഹൻ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനെക്കുറിച്ച് പരിശീലന പരിപാടിയും മാർച്ച് 14ന് രാവിലെ 10ന് മജ്‌ലിസ് ഹോട്ടൽ കോൺഫറൻസ് ഹാളിൽ നടക്കും. ഡീലർമാർ പങ്കെടുത്ത് യൂസർ ഐഡി/പാസ്‌വേഡ് കരസ്ഥമാക്കുകയും പരിശീലനം നേടുകയും ചെയ്തില്ലെങ്കിൽ ഡീലർമാർക്ക് രജിസ്‌ട്രേഷൻ സംബന്ധമായ ജോലിയും മാർച്ച് 18ന് ശേഷം നടത്താൻ സാധിക്കുയില്ലെന്ന് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ അറിയിച്ചു.

---

## മാധ്യമസമ്മേളനം

പൊതുതിരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി മാധ്യമപ്രതിനിധികളുടെ ഒരു യോഗം ജില്ല കളക്ടർ 2019 മാർച്ച് 12

ചൊവ്വാഴ്ച ഉച്ചയ്ക്ക് 12ന് ഹോട്ടൽ റോയൽ പാർക്കിൽ വിളിച്ചിട്ടുണ്ട്. താങ്കൾ പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

**-ജില്ല ഇൻഫർമേഷൻ ഓഫീസർ**

-------------------------------------------------------------------------------------------